ശ്രീ. ടി. കെ. രാമകൃഷ്ണൻ : അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃത്രിമ പാരുകൾ കടലിൽ പല സ്ഥലങ്ങളിലും നിർമ്മിച്ചിട്ടുണ്ട്. അതിന്റെ ഫലമായി കൂടുതൽ മത്സ്യസമ്പത്തുണ്ടാക്കാനും സാധിച്ചിട്ടുണ്ട്.

(ചോദ്യകർത്താവ് സഭയിൽ ഹാജരാകാതിരുന്നതിനാൽ നക്ഷത്രചിഹ്നമിട്ട 266-ാം നമ്പർ ചോദ്യം ഉന്നയിച്ചില്ല.)

സമുദ്രോൽപ്പന്നങ്ങളുടെ ഇറക്കുമതി

5 (*267) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമുദ്രോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇറക്കുമതിമൂലം കേരളത്തിലെ മത്സ്യത്തിന്റെ വിലയിടിവ് എത്രത്തോളമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ അത് വ്യക്തമാക്കുമോ ;

(ഡി) ഇതുമൂലമുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി : (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി&സി) ഓപ്പൺ ജനറൽ ലിസ്റ്റിൽപ്പെടുത്തിയാണ് കേന്ദ്ര സർക്കാർ മത്സ്യവും, മത്സ്യോൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുവാൻ അനുമതി നൽകിയിട്ടുള്ളത്. കൂടിയ നിരക്കിലുള്ള ഇറക്കുമതി ചുങ്കം (44%) നൽകുക, ഇറക്കുമതി ചെയ്യുന്ന മത്സ്യവും മത്സ്യോൽപ്പന്നങ്ങളും സംസ്ക്കരണത്തിനുശേഷം കയറ്റുമതി ചെയ്തുകൊള്ളാമെന്ന വ്യവസ്ഥ പാലിക്കുക എന്നിവയ്ക്ക് വിധേയമായാണ് ലൈസൻസ് നൽകുന്നത്. മത്സ്യത്തിന്റേയും മത്സ്യോൽപ്പന്നങ്ങളുടേയും ഇറക്കുമതി കാര്യമായ തോതിൽ നടന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഓപ്പൺ ജനറൽ ലൈസൻസ് പട്ടികയിൽ നിന്നും മത്സ്യവും മത്സ്യോൽപ്പന്നങ്ങളും നീക്കം ചെയ്യണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : 'ബി' ക്കും 'സി' ക്കും നൽകിയ ഉത്തരത്തിൽ മത്സ്യോൽപ്പന്നങ്ങളുടെ ഇറക്കുമതി നടന്നിട്ടില്ല എന്നു പറഞ്ഞിട്ടുണ്ട്. അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇറക്കുമതി ഇപ്പോഴാണ് തുടങ്ങിയിട്ടുള്ളത്. അതിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കി നടപടിയെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. അതു സംബന്ധിച്ച് കൂടുതൽ പഠിച്ച് നടപടികൾ എടുക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : 'ഡി' ഉത്തരമായി നൽകിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി വേറെ ഏതെങ്കിലും ലിസ്റ്റിൽ ഉൾപ്പെടുത്തി അനുമതി കൊടുക്കണമെന്നാണോ അതോ ഇറക്കുമതി തീരുവ വേണ്ടെന്നാണോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇറക്കുമതി തീരുവ തീരെ വേണ്ടെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഏതെങ്കിലും ഉപാധിയോടുകൂടി ഇറക്കുമതി അനുവദിച്ചാൽ ഇറക്കുമതിക്ക് യാതൊരു തടസ്സവുമില്ല എന്ന ധാരണയായിരിക്കും കേന്ദ്രത്തിനുണ്ടാവുക. അതിനുള്ള വഴി വയ്ക്കാൻ പാടില്ല.

ശ്രീ. നാലകത്ത് സൂപ്പി : ഇതുവരെ എത്രമാത്രം മത്സ്യോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : വിശദമായ കണക്ക് ഇപ്പോൾ ലഭ്യമല്ല.

ശ്രീ. നാലകത്ത് സൂപ്പി : ഇറക്കുമതിയുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് നിവേദനങ്ങൾ വല്ലതും കിട്ടിയിട്ടുണ്ടോ ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : നിവേദനം കിട്ടിയിട്ടുണ്ട്. മറ്റ് നടപടികൾ ഒന്നും നടത്തിയിട്ടില്ല. പൊതുവായുള്ള അജിറ്റേഷന്റെ ഭാഗമായി ഈ വിഷയവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് നടപ്പാകുമോയെന്ന കാര്യത്തിൽ ഉറപ്പില്ല.

ഉത്തരത്തിലെ തിരുത്ത്

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : 14-7-1999-ൽ നക്ഷത്രചിഹ്നമിടാത്ത 2603-ാം നമ്പർ ചോദ്യത്തിന് നൽകിയിരുന്ന ഉത്തരത്തിൽ പിശക് കടന്നുകൂടിയിരിക്കുന്നു. ശരിയായ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.†

(ചോദ്യോത്തര സമയം കഴിഞ്ഞു.)

† 1999 ജൂലായ് 14-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 2603-ാം നമ്പർ ചോദ്യത്തിനുള്ള തിരുത്തിയ ഉത്തരം അനുബന്ധമായി ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly